നമ്പർ.എ3-18454/2012

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടാറാഫീസ്
തൃശ്ശൂർ, തിയ്യതി : 01/08/2016.

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : ഭരണജാഗ്രത - ചേലക്കര ഗ്രാമപഞ്ചായത്ത് - ക്ലാർക്ക് ശ്രീ.പി.എസ്.സുനിൽ-ന് എതിരായ അച്ചടക്കനടപടികൾ - കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ചേലക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/12/2012 ലെ എ4-12508/2012 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 27/04/2013 ലെ എ3-18454/2012 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 31/07/2013 ലെ എ3-18454/2012 നമ്പർ കുറ്റാരോപണ മെമ്മോ
4) പഞ്ചായത്ത് ഡയറക്ടറുടെ 01/08/2014, 20/04/2015 എന്നീ തിയ്യതികളിലെ ഡി7 - 16467/2013 നമ്പർ കത്തുകൾ.
5) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 26/08/2014 ലെ എ3-18454/2012 നമ്പർ ഉത്തവ്.
6) സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 2 ന്റെ 20/12/2014, 30/09/2015 എന്നീ തിയ്യതികളിലെ എ1 477/2012 നമ്പർ കത്തുകൾ.
7) 05/11/2015 ലെ ദീപിക ദിനപത്രത്തിലെ പരസ്യം.

********

ചേലക്കര ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായ ശ്രീ.പി.എസ്.സുനിൽ എന്ന താങ്കൾ 20/11/2012-ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ഒരു മെമ്പറുമായുണ്ടായ വഴക്കിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും, തുടർന്ന് ജോലിയിൽ പ്രവേശിക്കാതിരിക്കുകയും, അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി ഹാജരാകാതിരിക്കുകയും, 17/12/2012-ന് ലീവ് നോട്ട് ഡ്യൂ അപേക്ഷ സമർപ്പിക്കുകയും, എന്നാൽ ആയത് അനുവദിക്കാതിരുന്ന സാഹചര്യത്തിലും അനധികൃത ഹാജരില്ലായ്മ തുടരുകയും ചെയ്തതിനാൽ സൂചന: (2) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തും സൂചന: (3) പ്രകാരം 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം കുറ്റാരോപണമെമ്മോയും താങ്കളുടെ ലഭ്യമായ വിലാസത്തിൽ അയച്ചു നൽകുകയും ചെയ്തുവെങ്കിലും ആയവയൊന്നും താങ്കൾ കൈപ്പറ്റാതിരുന്നതിനാൽ തപാൽ അധികാരികൾ മടക്കുകയുമുണ്ടായി. ആയതിനാൽ ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറെ അറിയിക്കുകയും സൂചന: (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ താങ്കൾക്ക് എതിരെ ശിക്ഷണ നടപടി മാന്വൽ ഖണ്ഡിക 12, 12 എ, 53 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 2 സീനിയർ സൂപ്രണ്ട് ആയ ശ്രീ.പി.കെ. മോഹനനെ അന്വേഷണ ഉദ്യോഗസ്ഥനായി സൂചന (5) പ്രകാരം നിയമിക്കുകയും, അന്വേഷണ ഉദ്യോഗസ്ഥൻ സൂചന (6) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അന്വേഷണവുമായി ബന്ധപ്പെട്ട നേർവിചാരണ നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളുടെ ലഭ്യമായ വിലാസത്തിൽ അയച്ച അറിയിപ്പ് താങ്കൾ കൈപ്പറ്റാതിരുന്നതിനാൽ തപാൽ അധികാരികൾ മടക്കിയതായും നോട്ടീസ്

കൈപ്പറ്റുന്നതിൽനിന്നും താങ്കൾ ഒഴിഞ്ഞുമാറുന്നു എന്ന നിഗമനത്തിൽ എം.ഡി.പി ഖണ്ഡിക 53(4) പ്രകാരം എക്സ്പാർട്ടിയായി താങ്കൾക്കെതിരെ നടപടികൾ തുടരുന്നതിന് ശുപാർശചെയ്തിട്ടുള്ളതുമാണ്.

താങ്കൾക്കെതിരായ കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല എന്നതിനാൽ ആയത് കൈപ്പറ്റുവാൻ ആവശ്യപ്പെട്ടുകൊണ്ട് സൂചന (7) പ്രകാരം പത്രപരസ്യവും ചെയ്തിട്ടുള്ളതും എന്നാൽ നാളിതുവരെ ആയത് താങ്കൾ കൈപ്പറ്റിയിട്ടില്ലാത്തതുമാണ്.

താങ്കളുടെ സേവന ചരിത്രം പരിശോധിച്ചതിൽ താങ്കൾ 01.09.2012 മുതൽ പലദിവസങ്ങളിലായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരിന്നിട്ടുള്ളതായും നാളിതുവരെ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ല എന്നും കാണുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 19 ൽ അനുശാസിക്കും പ്രകാരം താങ്കളെ സേവനത്തിൽ നിന്നും നിക്കം ചെയ്യുന്നതിന് താൽകാലികമായി തീരുമാനിക്കുന്നു. പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതിനെതിരെ താങ്കൾക്ക് വല്ലതും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം രേഖാമൂലം ആവശ്യമായ തെളിവുകൾ സഹിതം ബോധിപ്പിക്കേണ്ടതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ

ആർ.രാജ്പ്രദീപ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ.

ശ്രീ: പി.എസ്.സുനിൽ,
പേരോത്ത് വീട്,
നിരോലിപ്പാടം,
ഒല്ലൂർ.പി.ഒ,
തൃശ്ശൂർ-680 306

: രണ്ട് പ്രതികൾ നൽകുന്നു,
(ആയത് സ്വീകരിച്ച് ഒരു പ്രതിയിൽ
തിയതിയോടുകൂടിയ കൈയ്യൊപ്പ്
രേഖപ്പെടുത്തി തിരികെ ഈ ഓഫീസിൽ
സമർപ്പിക്കേണ്ടതാണ്)

പകർപ്പ് : 1) സെക്രട്ടറി, ചേലക്കര ഗ്രാമപഞ്ചായത്ത്.
2) സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്.
3) കരുതൽ/ അധികം

L.P.01.08.16.